**അടിയന്തരപ്രമേയം**

**അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗും പവർകട്ടും**

മി. സ്പീക്കർ: പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ ലോഡ് ഷെഡ്ഡിഗും പവർകട്ടും ഏർപ്പെടുത്തിയിരിക്കുന്നത് വ്യാവസായിക–കാർഷിക മേഖലയെയാകെ തകർച്ചയിലാക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെത്തന്നെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. എ.കെ. ബാലൻ, വി.എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ നൽകിയിട്ടുള്ള അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞ കാര്യങ്ങളിൽ പലതും ശരിയാണ്. പലതും ശരിയാണെങ്കിലും ചിലത് ശരിയല്ലാത്തതും പറഞ്ഞിട്ടുണ്ട്. അതിനുള്ള കാരണം എന്താണെന്ന് മനസ്സിലാക്കണം. കേരളത്തിൽ ഏറ്റവും ചുരുങ്ങിയത് 3700 മുതൽ 3800 മെഗാവാട്ട് വരെ വൈദ്യുതി ആവശ്യമുണ്ട്. ഇവിടെയുള്ള ജലവൈദ്യുതി പദ്ധതികളിൽ നിന്നെല്ലാംകൂടി 1700 മെഗാവാട്ടിനുതാഴെ വൈദ്യുതിയാണ് നമ്മൾ ഉത്പാദിപ്പിക്കുന്നത്. അതേ അവസരത്തിൽ കുറച്ച് വൈദ്യുതി കായംകുളത്തുനിന്നും മറ്റ് സ്ഥലങ്ങളിൽനിന്നും കിട്ടുന്നുണ്ട്. സെൻട്രൽ ജനറേഷൻ സ്റ്റേഷൻ (സി.ജി.എസ്.)–ൽനിന്നും കിട്ടുന്നതിൽ കുറവുവന്നതാണ് നമുക്ക് ലഭിക്കുന്ന വൈദ്യുതി കുറയാനുള്ള പ്രധാന കാരണം. സി.ജി.എസ്.–ൽനിന്ന് കിട്ടുന്ന

വൈദ്യുതിയിൽ ഒന്ന്, താൽച്ചർ വൈദ്യുതി നിലയത്തിൽനിന്നും ലഭിക്കുന്നതാണ്. താൽച്ചർ വൈദ്യുതി നിലയത്തിൽ ആന്വൽ മെയിന്റനൻസ് നടക്കുന്നതുകൊണ്ട് നമുക്ക് ലഭിച്ചുകൊണ്ടിരുന്ന 114 മെഗാവാട്ട് വൈദ്യുതി 07-06-2014 മുതൽ നമുക്ക് കിട്ടുന്നില്ല. ആന്വൽ മെയിന്റിനൻസ് പൂർത്തിയാകാൻ ഒരു മാസമെടുക്കും. ഇതിനുമുമ്പും താൽച്ചറിൽ ഒരു മെഷ്യൻ ട്രിപ്പായതുകൊണ്ട് കുറേ ദിവസം വൈദ്യുതി ലഭിച്ചിരുന്നില്ല. 114 മെഗാവാട്ട് വൈദ്യുതി നമുക്ക് കുറേ ദിവസങ്ങളായി കിട്ടുന്നില്ല. 10-06-2014 മുതൽ 148 മെഗാവാട്ട് വൈദ്യുതി ട്രയൽ റൺ ആയി കൂടുംകുളത്തുനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. ആ 148 മെഗാവാട്ട് വൈദ്യുതി പലഘട്ടങ്ങളായി നിർത്തി. ഇന്നലെയും വൈദ്യുതി ലഭിച്ചില്ല. ഇന്നലെ വൈകുന്നേരം ആറ് മണിക്ക് കൂടുംകുളത്തുനിന്നുള്ള വൈദ്യുതി ലഭിക്കില്ലെയന്ന് മനസ്സിലാക്കിയതുകൊണ്ട് ഇരുപത് മിനിറ്റ് കൂടുതൽ ലോഡ്ഷെഡ്ഡിംഗ് വേണ്ടിവരുമെന്ന വാർത്ത പത്രങ്ങളിലും ചാനലുകളിലും കൊടുത്തിരുന്നു. എന്നാൽ ജിഞ്ചാറിൽനിന്ന് 200 മെഗാവാട്ട് വൈദ്യുതി ലഭിച്ചതുകൊണ്ട് ഇരുപത് മിനിറ്റ് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വന്നില്ല. എന്നാലും ഇങ്ങനെ വരാൻ സാധ്യതയുണ്ടെന്ന് ജനങ്ങളെ മുൻകൂട്ടി അറിയിക്കുകയാണ് ചെയ്തത്. ശബരിഗിരി പ്രോജക്ടിന്റെ പെൻസ്ടോക്കിന്റെ അടുത്തുള്ള ബട്ടർഫ്ളൈ വാൽവ് മാറ്റണം. അതിന് ജൂൺ 25-ാം തീയതി വരെ സമയമെടുക്കും. അതിലെ വെള്ളം മുഴുവൻ വറ്റിച്ച് അത് മാറ്റികൊണ്ടിരിക്കുകയാണ്. വാൽവ് മാറ്റേണ്ട സമയം കഴിഞ്ഞുവെങ്കിലും ഇവിടെയുള്ള വൈദ്യുതിയുടെ ക്ഷാമം കാരണമാണ് ഒരു മാസത്തേക്ക് വാൽവ് മാറ്റുന്നത് നീട്ടിക്കൊണ്ടുപോയത്. അതുമൂലം നമുക്ക് ലഭിച്ചുകൊണ്ടിരുന്ന 380 മെഗാവാട്ട് വൈദ്യുതി ഇല്ലാതായിരിക്കുക

യാണ്. അതേ അവസരത്തിൽ തന്നെ രാമഗുണ്ടം എന്നുപറയുന്ന സെൻട്രൽ ജനറേഷൻ സ്റ്റേഷൻ (സി.ജി.എസ്.) –ൽനിന്നും നമുക്ക് ലഭിച്ചുകൊണ്ടിരുന്ന 64 മെഗാവാട്ട് വൈദ്യുതി ഒരു മാസമായി ലഭിക്കുന്നില്ല. അവിടെയുള്ള ഒരു മെഷ്യൻ തകരാറിലായതാണ് കാരണം. കായംകുളത്ത് 170 മെഗാവാട്ട് ട്രിപ് ആയിപ്പോയി. അതുകൊണ്ട് അവിടെനിന്നും വൈദ്യുതി കിട്ടുന്നില്ല. അവിടെ നമ്മൾ മുഴുവൻ സമയവും പ്രവർത്തിപ്പിക്കുന്നുണ്ടായിരുന്നു. അതിന്റെ ഫലമായി അവിടെ നിന്നുള്ള 170 മെഗാവാട്ട് ലഭിക്കാതെയായി. അത് മെയിന്റ നൻസ് ചെയ്ത് എടുക്കുന്നതിന് ഒരുമാസത്തെ സമയം എടുക്കുമെന്നാണ് പറയുന്നത്. ഈ പറയുന്ന കമ്മികളൊക്കെ വന്നതുകൊണ്ടാണ് മുക്കാൽ മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത്. ഇതിനുപുറമേ പ്രതീക്ഷിച്ച മഴ നമുക്ക് ലഭിച്ചിട്ടില്ല. ജൂൺ മാസത്തിൽ ഏകദേശം എഴുന്നൂറ്റി ചില്ലാനം മില്ല്യൺ യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള മഴ കിട്ടുമെന്ന് പ്രതീക്ഷിച്ചി ടത്ത് ഇതുവരെ കിട്ടിയത് 71 മില്ല്യൺ യൂണിറ്റാണ്. പ്രതീക്ഷിച്ച മഴയില്ലായെ ന്നത് മറ്റൊരു കാരണമാണ്. ഇതിനെല്ലാം പുറമെ മഴയില്ലെങ്കിലും കാറ്റും ഇടി മിന്നലും കൂടുതലാണ്. അതിന്റെ ഫലമായി ലൈൻ പോകുന്നുണ്ട്. ഇതാണ് അപ്രഖ്യാപിതമായ പവർകട്ട് എന്ന് പറയുന്നത്. ഇടിമിന്നൽ എപ്പോഴാണ് വരു ന്നതെന്ന് കണ്ടുപിടിക്കാനുള്ള മാർഗ്ഗം നമുക്കില്ല. അതുപോലെ കാറ്റും എപ്പോൾ വരുമെന്നുള്ളത് forecast-ൽ ചിലപ്പോൾ വരാറുണ്ടെങ്കിലും കാറ്റ് വരാൻ സാധ്യതയുണ്ടെന്നും ഇല്ലെന്നുമാണ് അതിൽ പറയുന്നത്. ഇതുപോലു ള്ള കാരണങ്ങൾ കൊണ്ടാണ് ലോഡ് ഷെഡ്ഡിംഗ് നമുക്ക് ഏർപ്പെടു ത്തേണ്ടിവന്നത്. ഈ ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. മഴ കൂടുതൽ കിട്ടുന്നതനുസരിച്ച് പവർകട്ട്

ഒഴിവാക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. ശബരിഗിരി പ്രോജക്ടിന്റെ ബട്ടർഫ്ളൈ വാൽവ് മാറ്റുന്ന ജോലി ജൂൺ മാസം 25-ാം തീയതിയോടുകൂടി അവസാനിക്കും. അങ്ങനെ വരുമ്പോൾ 380 മെഗാ വാട്ടിന്റെ വൈദ്യുതി ലഭ്യമാകും. ഇതാണ് ഇപ്പോഴത്തെ സ്ഥിതി.

ശ്രീ. എ. കെ. ബാലൻ: സർ, 2014 മേയ് 22 മുതൽ ആരംഭിച്ച അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ജൂൺ 4 മുതൽ 45 മിനിറ്റാക്കി വർദ്ധിപ്പിക്കുകയും ഇന്നലെ അത് ഒരു മണിക്കൂറാവുകയും ചെയ്തു. ഇത് പ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗാണ്. അപ്രഖ്യാപിതം, ദിവസവും ഏതാണ്ട് രണ്ട്-മൂന്ന് മണിക്കൂർ വരെ വൈദ്യുതി പോകുന്നുണ്ട്. അക്കാര്യം ഭരണ-പ്രതിപക്ഷ അംഗങ്ങൾക്ക് അറിയാം. ഇത് ഗാർഹിക ഉപഭോക്താക്കൾക്ക് ഉണ്ടാക്കുന്ന ദുരിതത്തെക്കാളേറെ ചെറുകിട-ഇടത്തരം-വൻകിട വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന സ്തംഭനത്തിലേയ്ക്കാണ് നീങ്ങുന്നത്. പാലക്കാട് ജില്ലയിലെ വ്യവസായ കേന്ദ്രമായ പുതുശ്ശേരിയിൽ 492 സ്ഥാപനങ്ങൾ ഊർജ്ജ പ്രതിസന്ധിയുടെ ഭാഗമായി അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. ഇതിന്റെ ഫലമായി 50-ഓളം വരുന്ന സ്റ്റീൽ കമ്പനികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല. കേരളത്തിന്റെ നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ 50 ശതമാനം സ്റ്റീൽ ഉണ്ടാക്കുന്നത് പുതുശ്ശേരിയിൽ നിന്നാണ്. എറണാകുളം ജില്ലയിലുള്ള വ്യവസായ മേഖലയിലും ഇതുതന്നെയാണ് സ്ഥിതി. ബിനാനി സിങ്കിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. അതിന് വൈദ്യുതി ലഭിക്കാത്തത് മാത്രമല്ല മറ്റ് പല കാരണങ്ങളുമുണ്ട്. ക്ലോറിൻ ഉണ്ടാക്കുന്ന സ്ഥാപനമായ ടി.സി.സി. പൂട്ടാൻ പോവുകയാണ്. ആ സ്ഥാപനം പൂട്ടിക്കഴിഞ്ഞാൽ വാട്ടർ അതോറിറ്റിയുടെ വെള്ളം കുടിക്കാനും കഴിയില്ല. കാർബോറാണ്ടം

യൂണിവേഴ്സൽ, ഫാക്ട് ഈ കമ്പനികളുടെയെല്ലാം സ്ഥിതി ഇതുതന്നെയാണ്. ടെക്സ്റ്റൈൽ മേഖല നിലവിൽ തന്നെ പ്രതിസന്ധിയിലാണ്. ആലുവ ജി.ടി.എൻ., പാറ്റ്സ്പിൻ, പ്രീകോട്ട് ഇതെല്ലാം അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഒരു മാസം മുപ്പത് ലക്ഷം മുതൽ അമ്പത് ലക്ഷം രൂപവരെയാണ് താരിഫിൽ വർദ്ധനവ് വന്നിട്ടുള്ളത്. ഇതെല്ലാം കേരളത്തിന്റെ സാമ്പത്തിക തൊഴിൽ മേഖലയിൽ നേരിടുന്ന അതീവ ഗുരുതരമായിട്ടുള്ള പ്രതിസന്ധികളാണ്. ലോഡ് ഷെഡ്ഡിംഗിനോടൊപ്പം താരിഫ് വർദ്ധനവ് വന്നത് സഹിക്കാവുന്നതിലും അധികമാണ്. അതാണ് ഈ പ്രതിസന്ധിക്കെല്ലാം കാരണം. മൂഴിയാർ നിലയത്തിലെ അറ്റകുറ്റപ്പണികളും ചില കേന്ദ്ര നിലയങ്ങളിലെ യന്ത്ര തകരാറുമാണ് ഈ വൈദ്യുതി പ്രതിസന്ധിക്ക് കാരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഇത് സാധാരണ നിലയിൽ ഉണ്ടാകുന്നതാണ്. ഉദാഹരണത്തിന് എൽ.ഡി.എഫ്. ഭരണകാലത്ത് പള്ളിവാസൽ-ചെങ്കുളം-പന്നിയാർ പദ്ധതി പൊട്ടിത്തെറിച്ചതിന്റെ ഫലമായി ഒന്നര വർഷത്തോളം ഒരിറ്റ് വൈദ്യുതിപോലും അവിടെനിന്ന് ഉത്പാദിപ്പിക്കാൻ സാധിച്ചിട്ടില്ല. മൂഴിയാറിലും പൊട്ടിത്തെറിച്ചതിന്റെ ഫലമായും അവിടെ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇടുക്കിയിലെ ബട്ടർഫ്ളൈ വാൽവ് അപകടത്തിലായതുകൊണ്ട് അവിടെനിന്നും കുറച്ചുദിവസം വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിച്ചിട്ടില്ല. ഇതിനെല്ലാം പുറമേ കേന്ദ്രം നൽകേണ്ട വൈദ്യുതി വിഹിതത്തിൽനിന്നും അമ്പത് ശതമാനം മാത്രമേ ലഭിച്ചിരുന്നുള്ളൂ. അതുകൂടാതെ മൂന്ന് വർഷം വരൾച്ചയുമായിരുന്നു. എന്നിട്ടും ഈ ഒരു അവസ്ഥ എൽ.ഡി.എഫ്. ഭരിച്ച സമയത്ത് വന്നിട്ടില്ല. ഇതെല്ലാം സാധാരണ നിലയിൽ ഉണ്ടാകുന്നതാണ്. പ്ലാനിംഗിൽ പറ്റിയ ഗുരുതരമായ വീഴ്ചയാണെന്ന് ഞാൻ ആദ്യമേ പറഞ്ഞതാണ്. അത് റെഗുലേറ്ററി കമ്മീഷനും ഓഡി

റ്റുകാരും ഇപ്പോൾ പറഞ്ഞു. റെഗുലേറ്ററി കമ്മീഷനും സി.&എ.ജി.യും...... ഇവിടെ വന്ന ചർച്ചയുടെയെല്ലാം അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വന്നിട്ടുള്ള പിശക് വിമർശനപരമായി പരിശോധിക്കേണ്ടതായിരുന്നു. എന്റെ കാലഘട്ടത്തിൽ അവർക്കുപറ്റിയിട്ടുള്ള പിശക് ഞാൻ തുറന്നുപറഞ്ഞതാണ്. അതെല്ലാം ഒരു മന്ത്രിക്ക് ഏറ്റെടുക്കേണ്ട ഒരു ആവശ്യവുമില്ല. പ്രവർത്തനം ആരംഭിച്ച 180 മെഗാവാട്ട് ശേഷിയുള്ള 14 ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം ഒരു കാരണവുമില്ലാതെ പ്രവർത്തനരഹിതമായിരിക്കുകയാണ്. പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ, പെരിങ്ങൽകുത്ത്, ബാരാപോൾ, കക്കയം, വെള്ളത്തൂവൽ, പെരുന്തേനരുവി, ചാത്തൻകോട്ട്, നടുവിലങ്ങാടി ഇതെല്ലാം നല്ല പുരോഗതിയിലെത്തിയതാണെങ്കിലും കഴിഞ്ഞ മൂന്ന് വർഷമായി സ്തംഭനാവസ്ഥയിലാണ്. കാറ്റിൽനിന്ന് 100 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി കടന്നതാണ്.

33 മെഗാവാട്ട് വൈദ്യുതിയുണ്ടാക്കുമ്പോഴാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആദിവാസിയെയുംകൂട്ടി ശ്രീമതി സോണിയാ ഗാന്ധിയെ കാണാൻ പോയത്. ഇതെല്ലാം ആദിവാസിയുടെ ഭൂമിയാണെന്ന് പറഞ്ഞു. ആദിവാസിയുടെ ഭൂമിയാണെങ്കിൽ അത് തിരിച്ചുകൊടുക്കുന്നതിന് ഒരു പ്രശ്നവുമില്ലല്ലോ. അതിന് നേതൃത്വം കൊടുത്ത പൊന്നി എന്ന ആദിവാസി തിരിച്ചുവന്ന് ഭൂമി ചോദിച്ചു. പക്ഷേ, ഭൂമിയും കിട്ടിയില്ല, അവർ ആത്മഹത്യ ചെയ്യുകയും ചെയ്തു. ഇതാണ് നമ്മുടെ സ്ഥിതി. പ്രതിപക്ഷത്തിരിക്കുമ്പോൾ നിയമം നോക്കേണ്ടതില്ല എന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃ

ഷ്ണൻ പറഞ്ഞത്. അനാവശ്യമായിട്ടുള്ള വിവാദങ്ങൾ ഇവർ ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിന്റെ വൈദ്യുതി പ്രസരണ രംഗത്ത് അത്ഭുതം സൃഷ്ടിക്കുന്നതാണ് R-APDRP. കമ്പ്യൂട്ടറൈസേഷനിലൂടെ പ്രസരണനഷ്ടം കുറച്ചുകൊണ്ടുവരാൻ സാധിക്കും. ആ മേഖലയിൽ ഒരു വമ്പിച്ച മാറ്റമുണ്ടാക്കാൻ കഴിയുന്ന 148 കോടി രൂപയുടെ ഒരു പദ്ധതി. അന്നത് രണ്ടാം ലാവ്‌ലിനാണെന്നു പറഞ്ഞ് ശ്രീ. ആര്യാടൻ മുഹമ്മദും മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയും വിവാദമുണ്ടാക്കി റീ-ടെണ്ടർ വച്ചു. അതിനുശേഷം ഇവർ അതേ കമ്പനിക്കു തന്നെ കൊടുക്കുകയും ചെയ്തു. എന്നിട്ട് ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെവന്ന് പറഞ്ഞത് ഞങ്ങൾക്ക് പറ്റിയ പിശകാണെന്നാണ്. ഞങ്ങളുണ്ടാക്കിയതാണോ വിവാദം. രണ്ടുമാസമാണ് ഞാൻ അതിന്റെ പുറകെ നടന്നത്. മറ്റ് കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഇവർ ഉടക്കുണ്ടാക്കാതിരുന്നെങ്കിൽ ഈ പദ്ധതി പൂർത്തീകരിച്ച് ഇപ്പോൾ ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ല. പ്ലാനിംഗിൽ വന്ന പിശകാണ്. 300 മുതൽ 500 വരെ മെഗാവാട്ടിന്റെ കുറവ് എപ്പോഴും ഉണ്ടാകാറുണ്ട്. അതൊക്കെ മാനേജ് ചെയ്യാൻ ഏതൊരാൾക്കും അറിയാം. അതിനെ സംബന്ധിച്ച് പഠിപ്പിക്കേണ്ട ആവശ്യമില്ല. 2011 സെപ്റ്റംബർ-ഒക്ടോബറിൽ അധികമായ ജലവൈദ്യുതി കുറഞ്ഞ നിരക്കിൽ പുറത്തുവിറ്റു എന്നാണ് ഓഡിറ്റിലും റെഗുലേറ്ററി കമ്മീഷനിലും പറഞ്ഞത്. അതിന് മന്ത്രിയല്ല കുറ്റക്കാരൻ. എങ്ങനെയാണ് പുറത്ത് വിറ്റത്? പ്ലാനിംഗ് വിഭാഗത്തിൽ ഈ കുറവ് വന്നാൽ ഈ പ്രശ്നം എങ്ങനെയുണ്ടായെന്ന് പരിശോധിക്കണ്ടേ? കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാനുണ്ടാക്കിയ കരാർ മഴ വരുമെന്ന പ്രതീക്ഷയിൽ റദ്ദാക്കി. അത് റദ്ദാക്കരുതെന്ന് ഞാൻ ഇവിടെ പറഞ്ഞതാണ്. മഴയില്ലാത്ത സാഹചര്യ

ത്തിൽ അമിത വില കൊടുത്ത് വൈദ്യുതി വാങ്ങുകയും ചെയ്തു. മുല്ലപ്പെരിയാർ സുരക്ഷാ ഭീഷണിയുടെ പേരിൽ ഇടുക്കി ഡാമിൽ വേനൽക്കാലത്തുപയോഗിക്കേണ്ട വെള്ളം ഉപയോഗിച്ച് വൈദ്യുതിയുണ്ടാക്കി ചെറിയ വിലയ്ക്ക് വിൽക്കും. അതുകഴിഞ്ഞ് ഈ ഡാമിലെ വെള്ളം തമിഴ്നാടിനോട് എടുക്കാൻ പറഞ്ഞു. അവർ ആ വെള്ളം കൊണ്ടുപോയി 200 മില്ല്യൻ യൂണിറ്റിന്റെ വൈദ്യുതിയുണ്ടാക്കി. സ്വാപ് (swap) ചെയ്യാനുള്ള വിവേചനരഹിതമായ തീരുമാനം വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കിയെന്ന് സി.&എ.ജി. റിപ്പോർട്ടിൽ പറയുന്നു. സ്വാപ് എന്നുപറഞ്ഞാൽ നമുക്ക് കൂടുതൽ വൈദ്യുതിയുണ്ടാകുമ്പോൾ പുറത്ത് കൊടുക്കുക. നമുക്ക് കമ്മിയുണ്ടാകുന്ന സമയത്ത് ഇങ്ങോട്ട് വാങ്ങുക. എന്താണ് സംഭവിച്ചത്? വൈദ്യുതി അങ്ങോട്ട് കൊടുക്കുകയും ഇങ്ങോട്ട് ലഭിക്കാൻ നമുക്ക് ലൈനില്ലാത്ത അവസ്ഥ. ലൈനിന്റെ കാര്യം ഞാൻ പിന്നെ പറയാം. അതുകൊണ്ട് പുറത്ത് കൊടുത്തതല്ലാതെ ഇങ്ങോട്ട് ലഭിച്ചില്ല. ഇതെല്ലാം സി.& എ.ജി. റിപ്പോർട്ടിലും റെഗുലേറ്ററി കമ്മീഷനുമുന്നിലും പറയുന്ന കാര്യമാണ്. ഞാൻ പറയുന്നതല്ല. സി.&എ.ജി. റിപ്പോർട്ടിൽത്തന്നെ പറയുന്നത്, കഴിഞ്ഞ അഞ്ച് വർഷം (2008 – 2009 മുതൽ 2012–2013 വരെ) അവർ പരിശോധിച്ചതിൽ 2008–2009, 2009–2010, 2010–2011 ഞങ്ങളുടെ കാലഘട്ടമാണ്. അന്ന് 6 കോടി രൂപയാണ് വിറ്റുവരവിൽ ലാഭമുണ്ടാക്കിയത്. 2011–2012, 2012–2013–ൽ 1278 കോടി രൂപയാണ് നഷ്ടം. എങ്ങനെ രണ്ടുവർഷം കൊണ്ട് ഇങ്ങനെവന്നു. ഇതിനെല്ലാം പുറമെ ഞെട്ടിപ്പിക്കുന്ന ഒരു കാര്യം കൂടി ഞാൻ പറയാം. ഇന്നലെ തമിഴ്നാടുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മൾ ഒരു കാര്യം പറഞ്ഞു. ഡാം നാലെണ്ണം അവർ

കൊണ്ടുപോയി. ഇനി വൈദ്യുതി എങ്ങനെയാണ് അവർ കൊണ്ടുപോകുന്നത് എന്നുള്ളതുംകൂടി ഞാനിവിടെ പറയാം. യു.ഡി.എഫ്. ഗവൺമെന്റ് 1500 മെഗാവാട്ട് വൈദ്യുതി പുറത്തുനിന്ന് വാങ്ങാൻ വിവിധ ഏജൻസികളുമായി കരാറുണ്ടാക്കി. ഒരു വർഷത്തെയും മൂന്ന് വർഷത്തെയും 25 വർഷത്തെയും കരാറുണ്ട്. 25 വർഷത്തെ കരാറുണ്ടാക്കണമോ എന്നുള്ളത് വേറെ പ്രശ്നം. എങ്കിലും കരാറുണ്ടാക്കി. ഈ കരാർ പ്രകാരം വൈദ്യുതി കൊണ്ടുവരാൻ ട്രാൻസ്മിഷൻ ലൈനില്ല. വൈദ്യുതി കൊണ്ടുവരാൻ കോറിഡോറും ട്രാൻസ്മിഷൻ ലൈനും വേണം. അത് ബുക്ക് ചെയ്യാൻ സാധിക്കാത്ത സാഹചര്യം എന്തുകൊണ്ട് വന്നു. കേരളത്തിന് വൈദ്യുതി തരേണ്ട ട്രാൻസ്മിഷൻ കോറിഡോറിന് അടുത്ത 25 വർഷത്തേക്ക് തമിഴ്നാട് മുഖ്യമന്ത്രി ശ്രീമതി ജയലളിത കരാറുണ്ടാക്കി. ഇനി ഇങ്ങോട്ട് വൈദ്യുതി ലഭിക്കാൻ ഒരു സാഹചര്യവും ഞാൻ കാണുന്നില്ല. തമിഴ്നാട് ചെയ്തിട്ടുള്ളത് നിയമവിരുദ്ധമാണെന്ന് 10–06–2014 –ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തന്നിട്ടുള്ള മറുപടിയിൽ പറയുന്നുണ്ട്. അതുപോലെ PGCIL ആണ് നമുക്ക് ട്രാൻസ്മിഷൻ കോറിഡോർ തരേണ്ടത്. 2013 ഏപ്രിൽ–മെയ്–ജൂൺ മാസങ്ങളിൽ PGCIL –ന് നമ്മൾ അപേക്ഷ കൊടുത്തു. എന്നാൽ നമ്മുടെ അപേക്ഷ ഈ കേന്ദ്ര പൊതുമേഖലാ സ്ഥാപനം തള്ളി. 2013 ആഗസ്റ്റിൽ ശ്രീമതി ജയലളിത അപേക്ഷ കൊടുത്തപ്പോൾ അവരുടെ അപേക്ഷ അംഗീകരിച്ചു. 1500 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള വൈദ്യുതി ലൈൻ കൊണ്ടുവരാനുള്ള കൊറിഡോർ ഇന്ന് പരിപൂർണ്ണമായും തമിഴ്നാടിന്റെ നിയന്ത്രണത്തിലായി. ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യം അവരെ നമ്മൾ

നന്നായി വെറുപ്പിച്ചു. പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നുപറഞ്ഞാൽ കേന്ദ്ര ഗവൺമെന്റിന്റെ നവരത്ന പദ്ധതികളിൽപ്പെട്ട ഒന്നാണ്. അവർ ഇവിടെ ഒരു പവർ ഹൈവേയ്ക്ക് രൂപം കൊടുത്തു. അതിന്റെ ഭാഗമായി അവർ കൂടംകുളം, ഇടമൺ, കൊച്ചി എന്നിവിടങ്ങളിൽ 400 കെ.വി. ലൈൻ പൂർത്തീകരിക്കുന്നതിന് ദിവസങ്ങളോളം മുഖ്യമന്ത്രിയുടെ ഓഫീസിൽ കയറിയിറങ്ങി. ലൈൻ പൂർത്തീകരിക്കാൻ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നോ ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ എന്തെങ്കിലുമുണ്ടായോ? അവസാനം പവർഗ്രിഡ് കോർപ്പറേഷൻ കേരള ഗവൺമെന്റിനെതിരായി ഹൈക്കോടതിയിൽ കേസ് കൊടുത്തു. കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ഏറെ സഹായിക്കുന്ന കൂടംകുളം, ഇടമൺ, കൊച്ചി എന്നീ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് കേരള ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാട്ടുന്നുവെന്ന് പറഞ്ഞുകൊണ്ട് ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനം ഒരു സംസ്ഥാന ഗവൺമെന്റിന് എതിരായി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് കൊടുത്തു. ആരാണ് കുറ്റക്കാർ. അവരാരും നമ്മുടെ ഭൃത്യൻമാരല്ല. അവരോട് മാന്യമായ സമീപനം കാട്ടിയിരുന്നുവെങ്കിൽ അവർ കേരളത്തെ ഈ രൂപത്തിലേയ്ക്ക് എത്തിക്കുമായിരുന്നില്ല. PGCIL പ്രതികാരം വീട്ടി. നാഷണൽ ഗ്രിഡിൽനിന്നും ഓപ്പൺ അക്സസ് വഴി കേരളത്തിന് ലഭിക്കേണ്ട പ്രസരണ ലൈൻ തമിഴ്നാട് സ്വന്തമാക്കി. ഇന്ത്യാ ചരിത്രത്തിലാദ്യമായാണ് ഒരു സംസ്ഥാന ഗവൺമെന്റിനെതിരായി ഈ രൂപത്തിൽ ഒരു കേസ് കൊടുക്കുന്നത്. അതും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പു മന്ത്രിയുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ട് ഈ

സ്ഥിതിവിശേഷം വന്നു? ഇതുപോലെ ദീർഘകാലാടിസ്ഥാനത്തിലുള്ള ചീമേനി, വൈതരണി എന്നീ പദ്ധതികളെല്ലാം മുടങ്ങിക്കിടക്കുകയാണ്. കേന്ദ്ര ഗവൺമെന്റുമായി അന്ന് ഞങ്ങളുണ്ടാക്കിയിട്ടുള്ള കരാറിന്റെ ഭാഗമായി ട്ടാണ് **<u>സിന്റേജ്</u>** കേരളത്തിനെ സഹായിച്ചത്. അതും പൊളിച്ചു. ഇനി യിപ്പോൾ പൈപ്പ് ലൈനുമില്ല. എവിടേയ്ക്കാണ് കേരളം പോകുന്നത്. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രതിസന്ധി പരിഹരിക്കു ന്നില്ലെങ്കിൽ നിങ്ങൾക്ക് എങ്ങനെ കേരളത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. ഇച്ഛാശക്തിയോടുകൂടി ശക്തമായ ഒരു തീരുമാനം ഗവൺമെന്റ് എടുക്കണം. രണ്ട് വോട്ട് മാത്രമാണോ നമ്മുടെ മുമ്പിലുള്ള പ്രശ്നം. ഇക്കാര്യം കേരള ഗവൺമെന്റ് പ്രത്യേകിച്ച് മുഖ്യമന്ത്രി ശ്രദ്ധിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നത്, ഇവിടെ എന്ത് വികസനപ്രവർത്തനങ്ങൾ പറഞ്ഞാലും പവർ ഗ്രിഡ് കോർപ്പ റേഷൻ ഓഫ് ഇന്ത്യയെ നിങ്ങൾ വിശ്വാസത്തിലെടുക്കുന്നില്ലെങ്കിൽ ഒരിറ്റു കറണ്ടുപോലും നിങ്ങൾക്കിനി ലഭിക്കാൻ പോകുന്നില്ല. ഇതിനെല്ലാം പുറമേ താരിഫിലുള്ള വർദ്ധനവ് എന്താണ്. ഇതൊക്കെ സഹിക്കാൻ കഴിയുന്നതാ ണോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2,500 കോടി രൂപയുടെ അധിക താരിഫ് ഉണ്ടായി. ഇനിയും 1,500 കോടി രൂപയുടെ താരിഫ് വരാൻ പോകുന്നു. ഇതിനെല്ലാം പുറമെ കണക്ഷൻ ചാർജ്ജ് വർദ്ധ നവുമുണ്ട്. ഒരു പോർഷന് 33 ശതമാനം, രണ്ട് പോർഷന് 46 ശതമാനം, മൂന്ന് പോർഷന് 48 ശതമാനം, നാല് പോർഷന് 46 ശതമാനവുമാണ്. ഏത് പാവപ്പെട്ടവനാണ് വൈദ്യുതി കണക്ഷൻ ലഭിക്കുക. ഞങ്ങൾ പറഞ്ഞതും അതാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇവിടെയുള്ള എം.

എൽ.എ.-മാർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒന്നും രണ്ടും മൂന്നും കോടിരൂപവരെ കൊടുത്തിട്ടുണ്ട്. അതിനുപുറമെ എം.എൽ.എ. ഫണ്ടൊക്കെ ഉപയോഗിച്ചിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മിനിമം തുക കൊടുത്തതാണ്. കണക്ടഡ് ലോഡ് 25 ശത മാനമാണ് വർദ്ധിപ്പിച്ചത്. പാവപ്പെട്ട ഇടത്തരം വ്യാപാര വ്യവസായികൾക്ക് എങ്ങനെ ഇവിടെ നിൽക്കാൻ കഴിയും. 10 കെ.വി. 25 കെവി. ആക്കുമ്പോൾ 10,200, 25 കെ.വി. 50 കെ.വി. ആക്കി കണക്ടഡ് ലോഡ് എടുത്തുകഴി ഞ്ഞാൽ 16,600, 50 കെ.വി. 100 കെ.വി. ആക്കിയാൽ 19,250. ഇത് കേരള ത്തിന്റെ ചരിത്രത്തിലാദ്യമായിട്ടുള്ളതാണ്. മീറ്റർ ഫിറ്റിംഗ് 430 രൂപ കൊടു ക്കേണ്ട സ്ഥാനത്ത് 1246 രൂപ കൊടുക്കണം. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഗാർഹിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജ് വച്ചിട്ടുണ്ടോ. സിങ്കിൾ ഫേസിന് ഒരു മാസം 40 രൂപയും 3 ഫേസിന് 60 രൂപയും. എന്താ യിരുന്നു സ്ഥിതി. എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ റെഗുലേറ്ററി കമ്മീഷന്റെ ഒബ്സർവേഷൻ പ്രകാരം ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 4,500 കോടി രൂപ കടമായിരുന്നു. അത് 1,500 കോടി രൂപയാക്കി ഞങ്ങൾ ചുരുക്കി. എന്നിട്ടും 3,500 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നട ത്തി. 130-150 ഓളം ട്രാൻസ്ഫോർമറുകൾ കിട്ടാത്ത ഏതെങ്കിലും എം.എൽ. എ.മാർ ഇവിടെയുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ 60 ശതമാനമായിരുന്ന വൈദ്യുതീകരണം ഞങ്ങൾ 100 ശതമാനമാക്കി. ഒരു പൈസപോലും എം.എൽ.എ. ഫണ്ടിൽനിന്ന് (പ്രതിപക്ഷ നേതാവിന്റെ ഫണ്ടിൽ നിന്ന്) ഞങ്ങൾ വാങ്ങിയിട്ടില്ല. 93 സബ് സ്റ്റേഷനുകളും 24600

ട്രാൻസ്ഫോർമറുകളും വച്ചു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഇത്രയും പ്രസരണ ശൃംഖല വൈദ്യുതി മേഖലയിൽ സിദ്ധിച്ച ഒരു കാലഘട്ടമുണ്ടായിരുന്നോ? ഏറ്റവും നല്ല ഓഫീസേഴ്സ്. ട്രാൻസ്മിഷൻ രംഗത്തെ ഇതിഹാസമെന്ന് പറയാവുന്ന എഞ്ചിനീയർ അശോകൻ, രാജീവ് സദാനന്ദൻ, പോൾ ആന്റണി, മനോഹരൻ. ഇവരുടെയൊക്കെ അതിഗംഭീരമായ കൂട്ടുകെട്ടായിരുന്നു അത്. ഏറ്റവും ശക്തമായ ഒരു ഭരണവും, നല്ല ഇടപെടലുമുണ്ടായിരുന്നു. മന്ത്രിയെന്നുപറഞ്ഞാൽ നയപരമായിട്ടുള്ള കാര്യങ്ങളിൽ മാത്രമെ ഇടപെടൽ ഉണ്ടാകൂ. ഏറ്റവും നല്ല സ്റ്റാൽവാട്സുകൾ ബ്യൂറോക്രാറ്റിലും എഞ്ചിനീയറിംഗ് വിംഗിലും ഉണ്ടായിരുന്നു. അങ്ങനെയുള്ള എന്തെങ്കിലും സംവിധാനം ഇന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലുണ്ടോ? ഇതിന്റെ ഭാഗമായി കേരളത്തിന്റെ വൈദ്യുതി മേഖല ഇന്ന് നേരിടുന്ന ഈ പ്രതിസന്ധി നമ്മൾ ഏറ്റെടുക്കേണ്ടതില്ല. പത്തോ മുന്നൂറോ മെഗാവാട്ടിന്റെ കുറവ് വന്നാൽ ആ കുറവ് പരിഹരിക്കാൻ വേണ്ടി ഏതെങ്കിലും മെഷീൻ തകർന്നെന്നോ റിപ്പയർ ആണെന്നോ അവിടെ വാൽവ് പൊട്ടിയെന്നോ പറഞ്ഞ് നിൽക്കുകയല്ല വേണ്ടത്. കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി താല്ക്കാലികമായി പരിഹരിക്കാൻ ഈ ഗവൺമെന്റ് വിചാരിച്ചാൽ കഴിയില്ലേ; സ്ഥായിയായിട്ടുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ, കേരളത്തെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കാൻ നമുക്ക് കഴിയില്ലേ? അതുകൊണ്ട് ഈ കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാനിപ്പോഴും പറയുന്നു കേരളത്തിന്റെ പവർ ഹൈവേ നമ്മുടെ ഒരു സ്വപ്നമാണ്. മൈസൂരിൽനിന്ന് അരീക്കോട്ടേക്കും അരീക്കോട്ടുനിന്ന് തൃശ്ശൂരിലേക്കും എറണാകുളത്തേക്കും ഇടമണ്ണിലേക്കും വരേണ്ട ഈ ലൈനിൽ തടസ്സം നിൽക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പത്തനംതിട്ട പ്രദേശത്തെ കുറച്ച് കൃഷി

ക്കാരുമാണ്. ആ പ്രശ്നം പരിഹരിച്ചാൽ കൂടംകുളത്തുനിന്ന് നമുക്ക് ലഭിക്കേണ്ടുന്ന 266 മെഗാവാട്ട് നാല് രൂപയ്ക്ക് നമുക്ക് ലഭിക്കും. ഇപ്പോൾ ഉദുമൽപേട്ട വഴി മാടക്കത്തറയിലേക്കാണ് വരുന്നത്. 30–35 ശതമാനം ട്രാൻസ്മിഷൻ ലോസ്സാണ്. ഇവിടെയുള്ള കൃഷിക്കാരെ വച്ചുകൊണ്ട് ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിനുപകരം ഇത് ഏതെങ്കിലുമൊരു മെഷീന്റെ റിപ്പയറിന്റെ തലയിൽ വച്ചുകൊടുത്തിട്ട് രക്ഷപെടുന്നത് ശരിയല്ല. കേരളത്തിലെ പവർ രംഗത്ത് അതിവിദൂര ഭാവിയിലുണ്ടാകാൻ പോകുന്ന സ്തംഭനാവസ്ഥയ്ക്ക് പ്രധാനപ്പെട്ട കാരണക്കാരൻ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ്. അതിന് അവരെ പ്രേരിപ്പിച്ചത് കേരള ഗവൺമെന്റിന്റെ തെറ്റായിട്ടുള്ള നയസമീപനമാണ്. കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടി കേരളത്തിന്റെ വികസന സാദ്ധ്യതകളെ പരിപൂർണ്ണതയിലേക്ക് എത്തിക്കുന്നതിനും കേരളത്തിന്റെ തൊഴിൽ മേഖല സംരക്ഷിക്കുന്നതിനും ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് പ്രധാനമായും കാണേണ്ടത് എന്ന അഭ്യർത്ഥനയോടുകൂടി ഞാൻ ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പവർഗ്രിഡ് കോർപ്പറേഷനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ശരിയാണ്. എന്നാൽ ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലായെന്ന് അങ്ങ് പറയുന്നത് ശരിയല്ല. ഇവിടെ അങ്ങ് പറഞ്ഞു, അങ്ങു ഭരിക്കുന്ന കാലത്ത് ഒരു പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ ഉണ്ടായില്ലായെന്ന്. ഞാൻ രേഖകളെടുത്തു കാണിച്ചുതരാം. അങ്ങയുടെ കാലത്ത് (ബഹ

ളം.............) പറയട്ടെ........ അവിടെപറയുമ്പോൾ ഞങ്ങൾക്കൊന്നും പ്രശ്നമുണ്ടായില്ലല്ലോ. അങ്ങ് പറഞ്ഞത് വസ്തുതയുമായി യോജിക്കുന്നതല്ല. 27–06–2008 മുതൽ 12–06–2009 വരെ ഒരുകൊല്ലം എസ്.എസ്.എൽ.സി. എക്സാമിനേഷനും വിഷുവും അതുപോലുള്ള ദിവസങ്ങളൊഴിച്ച് ബാക്കി എല്ലാ ദിവസവും അരമണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു. അന്ന് അങ്ങ് മന്ത്രിയായി കാര്യക്ഷമമായ ഭരണം നടത്തുമ്പോഴാണ് ഈ പറയുന്ന ലോഡ് ഷെഡ്ഡിംഗ് ഉണ്ടായത് എന്നുമാത്രമല്ല വേറൊരു കാര്യംകൂടി മനസ്സിലാക്കണം. ഡൊമസ്റ്റിക് കൺസ്യൂമേഴ്സ് 80 യൂണിറ്റിന്റെ മീതെയുള്ളവർക്ക് 50 പൈസ സർച്ചാർജ് ഏർപ്പെടുത്തിയത് അങ്ങയുടെ കാലത്താണ്. അതുപോലെ വ്യവസായങ്ങൾക്ക് സർച്ചാർജ് ഏർപ്പെടുത്തി 75 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കാൻ പാടില്ലായെന്ന് പറഞ്ഞ് പവർകട്ട് ഏർപ്പെടുത്തിയതും അങ്ങയുടെ കാലത്താണ്. (ബഹളം....................) ഇത് കേൾക്കൂ...........അതിന് മറുപടി പറഞ്ഞോട്ടെ...... ഏതെങ്കിലും ഒരു എം.എൽ.എ. കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നോ ഇത് ഉന്നയിക്കാൻ? ഞങ്ങൾ ഡിമാന്റിന്റെ കാര്യത്തിൽ ഉന്നയിച്ചു. ഞങ്ങൾ നിങ്ങൾ ചെയ്യുന്നതുപോലെ ചെയ്തില്ല. അതിവിടെ മഴ കുറവായതുകൊണ്ടായിരുന്നു എന്ന് ഞങ്ങൾക്കറിയാമായിരുന്നു. അതുപോലെയുള്ള സാഹചര്യമാണ് ഇന്നും വന്നത്. ഒരു കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കാം. അങ്ങയുടെ കാലത്ത് ലോഡ് ഷെഡ്ഡിംഗ് ഒരു കൊല്ലം ഏർപ്പെടുത്തുമ്പോൾ പീക്ക് അവറിലെ ഡിമാന്റ് എത്രയാണെന്ന് അറിയാമോ? 2765 മില്ല്യൺ യൂണിറ്റാണ്. ഞങ്ങളുടെ കാലത്ത് അത് 3268 മില്ല്യൺ യൂണിറ്റായിരുന്നു. എന്നിട്ടും ഞങ്ങൾ അരമണിക്കൂർ ലോഡ്ഷെഡ്ഡിംഗ് മാത്രമേ വച്ചുള്ളൂ. എന്നുമാത്രമല്ല ഞങ്ങൾ

കായംകുളത്തുനിന്നും 949.43 മില്ല്യൺ യൂണിറ്റാണ് എടുത്തത്. അവിടെ നിന്നും അതിൽ കൂടുതൽ എടുക്കാൻ സാധിക്കും. അത് എടുക്കാതെയാണ് അങ്ങ് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയത്. ഞങ്ങൾ 1517 മില്ല്യൺ യൂണിറ്റാണ് എടുത്തത്. അന്ന് അങ്ങ് അവിടെയുണ്ടായിരുന്നില്ലേ; അങ്ങേയ്ക്ക് അത് ചെയ്യാമായിരുന്നില്ലേ; അത് ചെയ്യാതെ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തിയതല്ലേ. അതാണ് അങ്ങയുടെ ബോർഡിന്റെ 'വൈദഗദ്ധ്യം' എന്നു ഞാൻ പറയുന്നുത്. ഞങ്ങൾ മറിച്ചാണ്. അതുമാത്രമല്ല, അങ്ങ് 949.43 കോടി രൂപയാണ് കായംകുളത്തുനിന്ന് വൈദ്യുതി വാങ്ങാൻ അന്ന് ചെലവിട്ടത്. ഞങ്ങൾ 1517.60 കോടി രൂപയാണ് ചെലവിട്ടത്. നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസമതാണ്. ഞങ്ങൾ ഇരട്ടി പണം മുടക്കിയാണ് കായംകുളത്തുനിന്നും വൈദ്യുതി വാങ്ങിയത്.

<u>മി. സ്പീക്കർ</u>: അങ്ങനെ പറയുന്നത് ശരിയല്ല. മന്ത്രി പറയുന്ന പ്രസ്താവന ശരിയല്ല. (ബഹളം) ......അദ്ദേഹം സംസാരിക്കട്ടെ, നോ... നോ.. ശ്രീ. ബാലൻ, അങ്ങ് പറഞ്ഞതെല്ലാം കേട്ടല്ലോ. ഇനി മന്ത്രി മറുപടി പറയട്ടെ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഞാനൊരു കാര്യം പറയട്ടെ, ഈ ഫിഗർ തെറ്റാണെന്ന് തെളിയിച്ചാൽ ഞാൻ രാജിവച്ച് ഇറങ്ങിപ്പോകും. മറിച്ച് ഈ ഫിഗർ ശരിയാണെന്ന് ഞാൻ തെളിയിച്ചാൽ അങ്ങ് എന്ത് ചെയ്യും? മി. ബാലൻ അത്രത്തോളം വേണ്ട. 2008 മുതൽ 2013 വരെയുള്ള 5 കൊല്ലത്തെ റിവ്യൂ ആണ് സി.&എ..ജി.-യുടെ റിപ്പോർട്ടിൽ പറഞ്ഞത്. അതിൽ അദ്ദേഹത്തിന്റെ കാലത്തുള്ളതും എന്റെ കാലത്തുള്ളതുമുണ്ട്. എന്റെ കാലത്ത് കൂടുതൽ വന്നു. കാരണം കൂടുതൽ പവർ ഞങ്ങൾ പുറത്തുനിന്ന് വാങ്ങി. കഴിഞ്ഞകൊല്ലം ഏഴായിരത്തി അറുന്നൂറ്റി ചില്വാനം കോടി രൂപയാണ് റവന്യൂ.

നമ്മൾ പവർ പർച്ചേസ് ചെയ്യാൻവേണ്ടി ചെലവിട്ടത് 7700 കോടി രൂപയാണ്. താങ്കളുടെ കാലത്ത് 2300 കോടി രൂപയാണ്. ഇതുകൊണ്ടാണ് നഷ്ടം വരുന്നത്. അത് നികത്താനുള്ള മാർഗ്ഗം നോക്കാതെ നിർവ്വാഹമില്ല. താങ്കൾ എന്തിനാണ് സർച്ചാർജ് ഏർപ്പെടുത്തിയത്. നഷ്ടം കുറയ്ക്കാൻ തെർമൽ സർചാർജ് കൊണ്ടുവന്നത് അങ്ങല്ലേ. അതിനെ ഞാൻ ചോദ്യം ചെയ്യില്ല. ശരിയായ നടപടിയായിരുന്നു. അങ്ങ് ചെയ്തതൊക്കെ തെറ്റാണെന്ന് ഞാൻ പറയില്ല. പിന്നെ പറഞ്ഞു എടമൺ –കൊച്ചി ലൈൻ കൊണ്ടുവരുന്നതിന് മുഖ്യമന്ത്രിയാണ് ഉത്തരവാദിയെന്ന്. ഒരുകാര്യം ആലോചിക്കണം, 6 കോൺഫറൻസാണ് അങ്ങ് നടത്തിയത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്ന് മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹവും പങ്കെടുത്തിരുന്നു; ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. 5 കൊല്ലം പാഴാക്കിയത് അങ്ങയുടെ സർക്കാരാണെന്നുള്ള കാര്യം മനസ്സിലാക്കണം. അതേ അവസരത്തിൽ (ബഹളം...) പ്ലീസ്...... ഇത് കേൾക്കൂ... ഞാൻ അങ്ങ് പറഞ്ഞതൊക്കെ കേട്ടിരുന്നല്ലോ. അങ്ങ് കുറ്റക്കാരനാണെന്ന് ഞാൻ പറയില്ല. പക്ഷെ ഒരു കാര്യം 5 കൊല്ലമായിട്ടും ഒരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. അതിന് മുൻപ് ഞാൻ മന്ത്രിയായിരുന്നു. ഞാൻ മന്ത്രിയായിരുന്നപ്പോൾ ഇതിന്റെ അലൈൻമെന്റ് അംഗീകരിച്ച് ഓർഡറിട്ടതാണ്. ഫയൽ നോക്കൂ. ആരാ റീ–ഓപ്പൺ ചെയ്തത്. കൃഷിക്കാരുടെ നിവേദനം വാങ്ങി റീ–ഓപ്പൺ ചെയ്തത് ആരാണ്? ഞങ്ങളുടെ മുഖ്യമന്ത്രി പരമാവധി ശ്രമിച്ചു. ഒരു കാര്യം ഞാൻ പറയാം ഹയർ കോമ്പൻസേഷൻ കൊടുക്കാൻ വരെ ഞങ്ങൾ തയ്യാറാണെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. എന്നെക്കാൾ കൂടുതൽ ഇക്കാര്യത്തിൽ ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിച്ചത് ഈ മുഖ്യമന്ത്രിയാണ് എന്നു പറയുന്ന

തിൽ എനിക്ക് സന്തോഷമുണ്ട്. അതിൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ_കുറച്ച് ഭാഗമുണ്ട്. അവിടെയിരിക്കുന്ന വേറെ ചിലരുടെ ഭാഗമുണ്ട്. അത് ഞാൻ പറയുന്നില്ല. ഏതായാലും.........

മി. സ്പീക്കർ: അത് കേരളത്തിന്റെ ഭാഗമല്ലേ.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അക്കാര്യത്തിൽ അദ്ദേഹം പറഞ്ഞ അഭിപ്രായം വളരെ ശരിയാണ്. പി.ജി.സി.എൽ. – ന് നമ്മളോട് വിരോധം തോന്നാനുള്ള പ്രധാനകാരണമതാണ്. അവർ ഹൈക്കോടതിയിൽ പോയി നമുക്കെതിരെ കേസ് ഫയൽ ചെയ്തു. 5 കൊല്ലം നിങ്ങളും 3 കൊല്ലം ഞങ്ങളും ചെയ്ത തെറ്റിന്റെ ഫലമാണത്. ആ തെറ്റ് തിരുത്താൻ 3 കൊല്ലം കഴിഞ്ഞപ്പോൾ ഞങ്ങൾ ശ്രമിക്കുകയാണ്. നിങ്ങൾ 5 കൊല്ലം ഭരിച്ചിട്ടും അതിന് സാധിച്ചില്ല. നിങ്ങൾ ശ്രമിച്ചില്ലായെന്നൊന്നും ഞാൻ പറയുന്നില്ല. ഇവിടെ ഒരു കൊല്ലത്തിൽ കൂടുതൽ ടെണ്ടർ വിളിച്ച് 400 മെഗാവാട്ടിന്റെ എഗ്രിമെന്റ് 3 വർഷത്തേയ്ക്ക് വച്ചത് ഈ ഗവൺമെന്റാണെന്ന് ശ്രീ. എ. കെ. ബാലന് അറിയാമല്ലോ. ആ എഗ്രിമെന്റ് വച്ച് പി.ജി.സി.എൽ–നോട് കോറിഡോർ ചോദിച്ചു. പക്ഷേ അതിനുശേഷം ആവശ്യപ്പെട്ട ജയലളിതയ്ക്ക് അനുവദിച്ചു. അതിനെതിരായി സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ഞങ്ങൾ അവിടെ മടിച്ചിരുന്നിട്ടില്ല. ആ കേസിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ജയിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനുള്ള എല്ലാ തെളിവുകളും നമ്മുടെ കൈവശമുണ്ട്. അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. കേരളത്തിൽ ആദ്യമായി 3 കൊല്ലത്തേ

യ്ക്കുള്ള ടെണ്ടർ വിളിക്കുന്നത് ഞങ്ങളാണ്. സെന്ററിന്റെ പുതിയ ഗൈഡ്‌ലൈൻ അനുസരിച്ചുകൊണ്ട് രണ്ടാമതും ഞങ്ങൾ 25 കൊല്ലത്തേയ്ക്ക് 400 മെഗാവാട്ടിന് ടെണ്ടർ വിളിക്കുകയുണ്ടായി. അതിനുശേഷം വേറെ 400 മെഗാവാട്ടിന് 25 കൊല്ലത്തേയ്ക്ക് ടെണ്ടർ വിളിക്കാനുള്ള ഏർപ്പാട് ചെയ്തിരിക്കുന്നു. കാരണം ഇവിടെ ജനറേഷനുള്ള സൗകര്യങ്ങൾ കുറവാണ്. അതാണ് സി.&എ.ജി. പറഞ്ഞ ഒരു കാര്യം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉദ്ധരിച്ച കാര്യങ്ങളിൽ........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇന്നത്തെ വിലയ്ക്ക് അവർ കറണ്ട് തരുമോ; 25 കൊല്ലത്തേയ്ക്ക് പവർ ഷോർട്ടേജ് തുടരും എന്നാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പവർ ഷോർട്ടേജ് ഇല്ലാതാക്കാനാണ് ഇന്ത്യാഗവൺമെന്റ് നോംസ് അനുസരിച്ച് ഇതു വാങ്ങുന്നത്. 1999–ൽ ഇടതുപക്ഷം ഭരിച്ചപ്പോൾ കായംകുളം എഗ്രിമെന്റ് എങ്ങനെയാണോ വച്ചത് അതുപോലെ ഇതും വയ്ക്കും. ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അതിന് ഫിക്സഡ് കോസ്റ്റും വേരിയബിൾ കോസ്റ്റുമില്ലേ? ഇല്ലെങ്കിൽ നമ്മൾ ഇരുട്ടിലേയ്ക്ക് പോകും. ഒരു സംശയവും അക്കാര്യത്തിലില്ല. ബഹുമാനപ്പെട്ട എ.കെ. ബാലൻ പറഞ്ഞതൊക്കെ തെറ്റാണെന്നൊന്നും ഞാൻ പറയില്ല. അതിൽ കുറച്ച് കാര്യങ്ങളുണ്ട്. പ്രതിപക്ഷത്തിരിക്കയല്ലേ; അദ്ദേഹത്തിന്റെയത്രയൊന്നുമില്ലെങ്കിലും ഞാനും അവിടെയിരുന്നുകൊണ്ട് ഏകദേശം ഇങ്ങനെയൊക്കെത്തന്നെയാണ് പറഞ്ഞിരുന്നത്, വലിയ വ്യത്യാസമൊന്നുമില്ല. ഞാൻ പറഞ്ഞത് പകൽവെളിച്ചം പോലെയുള്ള സത്യങ്ങളായതിനാൽ ഇത് സഭ ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഇന്നലെയും ചർച്ച ചെയ്തു. ഇനിയും ഒരുപാട്

സബ്മിഷൻസ് വരുന്നുണ്ട്. കോറിഡോറിന്റെ പ്രശ്നം അദ്ദേഹം പറഞ്ഞത് ശരിയാണ്. ജനറേഷന്റെ കാര്യം അദ്ദേഹം പറഞ്ഞു, അതൊക്കെ ആരുടെകാലത്ത് തുടങ്ങിയതാണ്; നിങ്ങൾ പൂർത്തിയാക്കിയില്ല. ഞങ്ങൾ പൂർത്തിയാക്കാൻ പോകുന്നു. അതുപോലെ പള്ളിവാസലിന്റെ കാര്യത്തിൽ സർവ്വേ തെറ്റായിരുന്നു, അലൈൻമെന്റ് തെറ്റായിരുന്നു. ബഹുമാനപ്പെട്ട ഇ. ശ്രീധരനെപ്പോലുള്ള വിദഗ്ദ്ധന്മാരെ കൊണ്ടുപോയി പരിശോധിച്ചു. ഇപ്പോൾ എൻ.എച്ച്.പി.സി-ക്കാരെക്കൊണ്ട് ചെയ്യിക്കാനുള്ള ശ്രമം നടത്തി വരുന്നു. അദ്ദേഹം പറഞ്ഞ മറ്റൊരുകാര്യം കോളിന്റേതാണ്. ശ്രീ. എ. കെ. ബാലൻ, ഞങ്ങളാണോ അതിന് ഉത്തരവാദി? താങ്കളുടെ കാലത്തുതന്നെ അത് ഡ്രോപ്പ് ചെയ്തില്ലേ? ചീമേനിയിലെ അജിറ്റേഷൻ കാരണം ഡ്രോപ്പ് ചെയ്തതല്ലേ? പിന്നെ ഒഡീഷയിലും ഞങ്ങളാണോ ഉത്തരവാദി? ഒഡീഷയിലെ ഗവൺമെന്റ് ഒരു സർവ്വേ നടത്താൻപോലും തയ്യാറല്ല. അവർ സമ്മതിച്ചില്ല എന്നുള്ളതല്ലേ സത്യം, അതുകൊണ്ടല്ലേ അവിടെ അത് ക്യാൻസൽ ചെയ്തത്. ക്യാൻസൽ ചെയ്തപ്പോൾ കോൺഗ്രസ് ഗവൺമെന്റാണെങ്കിലും സ്റ്റേറ്റിന്റെ ഇന്ററസ്റ്റിനുവേണ്ടി ഹൈക്കോടതിൽ ഞങ്ങൾ കേസ് ഫയൽ ചെയ്തു. കേരളം മാത്രമല്ല ഗുജറാത്തും, ഒഡീഷയുമുൾപ്പെടെ 3 സംസ്ഥാനങ്ങൾ. അത് അങ്ങേയ്ക്ക് നല്ലതുപോലെ അറിയാവുന്നതാണല്ലോ; ഞങ്ങളതിൽ എന്ത് തെറ്റ് ചെയ്തു എന്നാണ് പറയുന്നത്? ചീമേനിയിൽ അത് തുടങ്ങിയാൽ ഈ സംസ്ഥാനത്തെ ഇരുട്ടിൽനിന്ന് രക്ഷപ്പെടുത്താൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതുപോലുള്ള പ്ലാന്റുകൾ പതിനായിരക്കണക്കിനാളുകൾ താമസിക്കുന്ന സ്ഥലങ്ങളിൽ നടക്കുന്നുണ്ട്. ശ്രീ. എം. ചന്ദ്രനെപ്പോലുള്ളയാളുകൾക്കറിയാം. സബ്ജക്ട് കമ്മിറ്റി പോയി പരിശോധിച്ചതാണ്.

അതിനനുസരിച്ചുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ട്. ആ മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് നമുക്കും ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്താലല്ലാതെ മൂന്ന് മൂന്നര രൂപയ്ക്ക് നമുക്ക് ജനറേറ്റ് ചെയ്യാൻ സാധിക്കില്ല. രാഷ്ട്രീയപരിഗണന കൂടാതെ വന്ന എം.എൽ.എ-മാർക്ക് അത് ബോധ്യമായി. കാസർഗോഡ് എം.എൽ.എ. തുടങ്ങി പലരുമുണ്ടായിരുന്നു. ഇനി അവിടത്തെ ജനപ്രതിനിധി കളെയും കൂട്ടിക്കൊണ്ടുപോയി കാണിച്ച് ബോധ്യപ്പെടുത്തി നമുക്കത് ചെയ്യാൻ സാധിക്കുമോ എന്ന് പരിശോധിക്കുകയാണ് വേണ്ടത്. എല്ലാ ഭാഗത്തുനിന്നും സഹായമതിനുണ്ടാകണം എന്നുമാത്രമേ എനിക്ക് അഭ്യർത്ഥി ക്കാനുള്ളൂ. ജൂൺ മാസം 25-ാം തീയതിയോടുകൂടി, മഴ കിട്ടുകയാണെങ്കിൽ ഇത് പരിഹരിക്കാൻ തൽക്കാലം സാധിക്കുമെന്നാണ് എന്റെ വിശ്വാസം. അതു കൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെയടി സ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധി ക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ മെഗാവാട്ട്, മില്യൻ യൂണിറ്റ് എന്നൊക്കെ കണക്കുകൾ പറയുന്നതു കേട്ടു.

മി. സ്പീക്കർ : അത് അതിലുള്ള കണക്കുകളാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി എന്തൊക്കെ പറഞ്ഞാലും വൈദ്യുതിയില്ല എന്നുള്ളതല്ലേ

സത്യം. Operation successful, but patient died എന്നു പറയുന്നതുപോലെയല്ലേ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഈ ഗീർവാണം. ശ്രീ. ആര്യാടൻ മുഹമ്മദ് വെറുതേ വാചകമടിച്ച് സമയം കളയാതെ വൈദ്യുതിയുണ്ടെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിയെപ്പറ്റിയുള്ള അടിയന്തരപ്രമേയത്തിന് വകുപ്പുമന്ത്രി ഇവിടെ നൽകിയ വിശദീകരണം സർക്കാർ കാട്ടുന്ന അലംഭാവത്തിനും നിരുത്തരവാദത്തിനും ഏറ്റവും വലിയ തെളിവാണ്. വെള്ളമായാലും വെളിച്ചമായാലും 'പോനാൽ പോകട്ടും പോടാ' എന്ന രീതിയിലാണ് ഈ സർക്കാർ കൈകാര്യം ചെയ്യുന്നത്. വെള്ളം എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ നാം കണ്ടതാണ്. സമാനമായ നിരുത്തരവാദിത്തമാണ് സർക്കാർ വൈദ്യുതി കാര്യത്തിലും കാട്ടുന്നത്. കേരളത്തെ അന്ധകാരത്തിലേയ്ക്ക് തള്ളിയിടാനാണോ ഈ സർക്കാർ ശ്രമിക്കുന്നത്? 'വെളിച്ചം ദു:ഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം' എന്ന കവി അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ വാക്കുകളാണ് മന്ത്രിയും സർക്കാരും ആപ്തവാക്യമാക്കിയിരിക്കുന്നത്. നമ്മുടെ നാട് ഇരുട്ടിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്നതെങ്ങനെയെന്നും അക്കാര്യത്തിൽ സർക്കാരിന്റെ പിടിപ്പുകേടെന്തൊക്കെയാണെന്നും കണക്കുകളും വസ്തുതകളും നിരത്തി അടിന്തരപ്രമേയത്തിന് ശ്രീ. എ. കെ. ബാലൻ വിശദമായി മറുപടി പറഞ്ഞുകഴിഞ്ഞു. എന്നിട്ടും മന്ത്രിയും സർക്കാരും ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുകയാണ് ചെയ്യുന്നത്. ജനജീവിതത്തെ ബാധിക്കുന്ന ഏത് പ്രശ്നത്തിലും ഇതുപോലെ തികഞ്ഞ നിരുത്തരവാദിത്തവും അരാജകത്വവുമല്ലേ സർക്കാരിന്റെ ഭാഗത്തു

നിന്നുമുണ്ടാകുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും സമാനമായ അരാജകത്വമല്ലേ വൈദ്യുതി മേഖലയിൽ നടമാടിയിരുന്നത്. ലോഡ്ഷെഡ്ഡിംഗും പവർകട്ടും നിത്യസംഭവമായിരുന്നു. യു.ഡി.എഫ്. 5 വർഷം ഭരിച്ച് കൂരിരുൾക്കയങ്ങളിലേയ്ക്ക് കേരളത്തെ തള്ളിവിട്ട അവസരത്തിലാണ് 2006–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രതിജ്ഞാബദ്ധമായ നടപടികളിലൂടെ 5 വർഷംകൊണ്ട് കേരളത്തെ വൈദ്യുതിയുടെ കാര്യത്തിൽ സമ്പന്നമാക്കി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നീ വാക്കുകൾ കേരളത്തിൽ കേട്ടിട്ടില്ല. വൈദ്യുതി ഉല്പാദനം ഇരട്ടിയാക്കിയും പ്രസരണ സംവിധാനം കുറ്റമറ്റതാക്കിയും ഡാമുകളുടേയും ലൈനുകളേയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തിയുമാണ് എൽ.ഡി.എഫ്. സർക്കാർ അന്ന് വൈദ്യുതിമേഖലയെ ശക്തിപ്പെടുത്തിയത്. ഇപ്പോൾ എന്താണ് സംഭവിക്കുന്നത്? ഒരു ഉറക്കം കഴിഞ്ഞ് എഴുന്നേറ്റപ്പോൾ നമ്മുടെ ഡാമുകൾ തമിഴ്നാടിന്റെ കൈയിലായിരിക്കുകയല്ലേ? എന്നിട്ടും മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയും ഈ സർക്കാരും ഒന്നും അറിഞ്ഞിട്ടില്ല. ഈ മുഖ്യമന്ത്രിയേയും വൈദ്യുതി വകുപ്പുമന്ത്രിയേയും തമിഴ്നാട് അടിച്ചു മാറ്റിക്കൊണ്ടുപോയാലും ഇവർ അറിയുമോ? അങ്ങേയ്ക്കുതന്നെ ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ നാണം തോന്നുന്നില്ലേ? പവർഗ്രിഡ് കോർപ്പറേഷന്റെ ലൈനുകളെല്ലാം തമിഴ്നാടിന്റെ അധീനതയിലായില്ലേ? ഇതല്ലേ സഖാവ് എ. കെ. ബാലൻ ഇവിടെ വിശദീകരിച്ചത്. പവർഗ്രിഡ് കോർപ്പറേഷന് യഥാസമയം അപേക്ഷ നൽകി പുറത്തുനിന്ന് വൈദ്യുതി എത്തിക്കാനുള്ള ഇടനാഴിയല്ലേ ഇതുമൂലം ഇല്ലാതായത്. വൈദ്യു

തിനില മെച്ചപ്പെടുത്താൻ ഈ മന്ത്രിയും സർക്കാരും എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

വൈദ്യുതി മേഖലയിൽ വലിയ പ്രതീക്ഷ നൽകുന്ന ഒന്നാണല്ലോ സോളാർ. ആ സോളാറിന്റെ കാര്യത്തിൽ നിങ്ങൾ എന്താണ് ചെയ്ത്. സോളാർ വൈദ്യുതിയുടെ കാര്യത്തിൽ നിങ്ങൾ മറ്റ് പലതും അല്ലേ ചെയ്തത്. അത് കേരളം കണ്ട വലിയ തട്ടിപ്പും വെട്ടിപ്പും ആക്കി മാറ്റിയിരിക്കുകയാണല്ലോ? മുഖ്യമന്ത്രിയും മറ്റു പല മന്ത്രിമാരുമാണ് സോളാർ വൈദ്യുതിയെ അഴിമതിയുടെയും നാണക്കേടിന്റെയും പര്യായമാക്കി മാറ്റിയത്. ഈ സർക്കാരും ഈ മന്ത്രിയും തീർത്തും നിഷ്ക്രിയരായാണ് ഇരിക്കുന്നത്. വൈദ്യുതി മന്ത്രിക്ക് മന്ത്രി പണിയിലല്ല മറ്റ് പല കാര്യങ്ങളിലുമാണ് ശ്രദ്ധയെന്ന് പല കോണുകളിൽ നിന്നും ആക്ഷേപം ഉണ്ടല്ലോ? അതുകൊണ്ട് അദ്ദേഹം എന്തിനാണ് കടിച്ചു തൂങ്ങി കിടക്കുന്നത്. അദ്ദേഹം മന്ത്രി സ്ഥാനം രാജി വച്ച് തനിക്ക് ഷൈൻ ചെയ്യാൻ കഴിയുന്ന മേഖലയിൽ മുഴുവൻ സമയവും ചെലവഴിക്കുകയല്ലേ നല്ലത്. വെറുതെ വാചാടോപം നടത്തിയല്ല തിണ്ണമിടുക്ക് കാണിക്കേണ്ടത്. കേരളത്തിലെ ജനങ്ങളുടെ നിത്യജീവിതത്തെ മാത്രമല്ല ഭാവി ജീവിതത്തെ ബാധിക്കുന്ന വൈദ്യുതി പ്രശ്നം പോലും ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഈ സർക്കാരിന്റെ ജനവിരുദ്ധ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി. എസ് അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ:</u> സർ, സഖാവ് എ. കെ. ബാലൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചത് കേരളത്തിൽ ഇന്ന് അനുഭവിക്കുന്ന ലോഡ്ഷെഡിംഗാണ്. അത് എന്ന് അവസാനിപ്പിക്കുമെന്ന് കേരളത്തിലെ ജനങ്ങൾ കാത്തിരിക്കുകയാണ്. ബഹുമാനപ്പെട്ട ആര്യാടൻ, ...........................

<u>മി. സ്പീക്കർ:</u> യെസ് പ്ലീസ്...... പ്ലീസ്.......

<u>ശ്രീ. സി. ദിവാകരൻ:</u> സർ, നിങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്ന് ഒരുപാട് കാര്യങ്ങളൊക്കെ പറഞ്ഞു. പക്ഷെ ലോഡ്ഷെഡിംഗ് എന്ന് അവസാനിപ്പിക്കും എന്ന അനൗൺസ്മെന്റാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനാണ് ഞങ്ങൾ ഈ സഭയിൽ അടിയന്തരപ്രമേയം കൊണ്ടുവന്നത്. അതിൽ അങ്ങ് മറുപടി പറയാത്ത ചില കാര്യങ്ങളുണ്ട്. ഇവിടെ അടിയന്തര പ്രമേയത്തിൽ ഉന്നയിച്ചത് വൈദ്യുതി ബോർഡിന്റെ കെടുകാര്യസ്ഥത കൊണ്ട് 1272 കോടി രൂപയുടെ നഷ്ടം സംഭവിച്ചിരിക്കുന്നു - സി.&എ. ജി.യുടെ റിപ്പോർട്ടാണ്. ആഡിറ്റ് റിപ്പോർട്ടിൽ കൂടുതൽ കാര്യങ്ങൾ പറയുന്നുണ്ട്. നിങ്ങൾ ദീർഘവീക്ഷണത്തോടുകൂടി നടപടിയെടുക്കാത്തതിന്റെ ഫലമായി ഇത്രയും അധികം തുക കൊടുത്ത് വൈദ്യുതി വാങ്ങേണ്ടിവന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, 2008 മുതൽ 2013 വരെയുള്ള 5 കൊല്ലത്തെ സി.&എ.ജി. യുടെ റിവ്യൂവാണ്. അതിൽ ഞങ്ങളുടെ രണ്ടു വർഷത്തെ കണക്കും നിങ്ങളുടെ മൂന്നു വർഷത്തെ കണക്കുമാണുള്ളത്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഞങ്ങൾക്ക് 3 കൊല്ലം കൊണ്ട് 6 കോടി രൂപയാണ് ലാഭം ഉണ്ടായിരിക്കുന്നത്. കണക്ക് ഇവിടെ ഉണ്ടല്ലോ 2008-09-ൽ 38.51 കോടി രൂപ ലാഭം, 2009-10-ൽ 30.60 കോടി രൂപ ലാഭം, 2010-11-ലാണ്

63 കോടി രൂപയുടെ നഷ്ടം വരുന്നത്. അതുകഴിഞ്ഞാൽ 473 കോടി രൂപയും 805 കോടി രൂപയും നിങ്ങളുടെ നഷ്ടമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇത് ലാഭമാണ്. ഈ ലാഭം എങ്ങനെയാണ് വരുന്നതെന്നറിയാമോ? ഇതിന് സബ്സിഡി സ്റ്റാറ്റ്യൂട്ടറിയായി വയ്ക്കുകയാണ്. അത് ഗവൺമെന്റ് കൊടുക്കണം. അത് കൊടുത്തതായി കണക്കാക്കിയിട്ടാണ് ലാഭം പറയുന്നത്. ഇപ്പോൾ അങ്ങനെയല്ല. നഷ്ടം നഷ്ടമായി തന്നെ കണക്കാക്കും. മറ്റേത് നഷ്ടം നികത്താൻ 3 ശതമാനം പണം സർക്കാർ സബ്സിഡൈസ് ചെയ്തതായി കണക്കാക്കിയിട്ടാണ് ലാഭം കണക്കാക്കുന്നത്.

ശ്രീ. സി. ദിവാകരൻ: നിങ്ങൾക്ക് അവയിലബിളായിരുന്ന സമയത്ത് വാങ്ങാതെ ആവശ്യമില്ലാതെ പുറത്തുനിന്നും കറണ്ട് വില കൂട്ടി വാങ്ങിച്ചതാണ് ഖജനാവിന് ഈ നഷ്ടം ഉണ്ടാക്കിയത്. അതാണ് ഇതിന്റെ നിരീക്ഷണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: കായംകുളത്ത് നിന്നും മുന്നൂറ്റി ചില്വാനം കോടി രൂപയ്ക്ക് നിങ്ങൾ വാങ്ങുമ്പോൾ ഞങ്ങൾ ആയിരത്തി അഞ്ഞൂറ്റി ചില്വാനം കോടി രൂപയ്ക്കാണ് കറണ്ട് വാങ്ങിയത്.

മി. സ്പീക്കർ: യെസ്.......പ്ലീസ് വൈന്റ് അപ്പ്..........പ്ലീസ്.......

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പറയുന്നതും ശ്രീ. ആര്യാടൻ പറയുന്നതും കാര്യം ഒന്നാണ്. നഷ്ടം വന്നു എന്നുള്ളത് സത്യമാണ്. അത് നിങ്ങളുടെ ഭാഗത്തോ ഞങ്ങളുടെ ഭാഗത്തോ എന്നുള്ളതല്ല. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞത് ഇപ്പുറത്തിരിക്കുന്നവരുടെ കാലത്ത് ഇതെല്ലാം ഉണ്ടായി അതുകൊണ്ട് ഞങ്ങൾ കുറേക്കാലത്തേയ്ക്ക് ലോഡ് ഷെഡിംഗ് നടത്താമെന്നാണോ? എല്ലാ കാര്യങ്ങളിലും ബഹുമാന

പ്പെട്ട മന്ത്രിയുടെ സമീപനം ഇങ്ങനെയാണ്. ഞങ്ങൾ ഇപ്പുറത്ത് പണ്ടെന്തോ ചെയ്തതുകൊണ്ട് ഞങ്ങൾക്ക് ഇതൊന്നും പറയാൻ അവകാശമില്ല, നിങ്ങളും അതുപോലെ ലോഡ് ഷെഡിംഗ് നടത്തും എന്നാണോ പറയുന്നത്. അതു കൊണ്ട് നിങ്ങൾ എടുക്കേണ്ട നടപടികൾ.......... ലൈൻ വലിക്കാൻ പറ്റുന്നില്ല – അതിനെന്താ പറഞ്ഞത് ഞങ്ങളുടെ കാലത്തെ കുഴപ്പമാണ്, 5 കൊല്ലം ഞങ്ങൾ പാഴാക്കി 3 കൊല്ലം നിങ്ങൾ പാഴാക്കി. അടുത്ത് 2 കൊല്ലം കൊണ്ട് ഈ പ്രശ്നം തീരുമോ? തീരില്ല. വൈദ്യുതി ബോർഡിനകത്തുള്ള കെടുകാര്യ സ്ഥതയും ഭരണ സംവിധാനങ്ങളും മാറ്റിക്കൊണ്ട് വൈദ്യുതി ബോർഡിനെ ലാഭകരമായി നടത്താൻ കഴിയുമെന്ന് കഴിഞ്ഞ കാലങ്ങളിൽ തെളിയിച്ചി ട്ടുണ്ട്. ലോഡ് ഷെഡിംഗ് കഴിയുന്നതും വേഗം പിൻവലിക്കണം. ഇത് കേരളത്തിന്റെ വികാരമാണ്. കേരളത്തിലെ ജനങ്ങളുടെ ആവശ്യമാണ്. വ്യവസായികളുടെ ആവശ്യമാണ്. എന്റെയും നിങ്ങളുടേയും വീടുകളിൽ ഇത് അനുഭവപ്പെടുകയാണ്. കുട്ടികൾക്ക് പഠിക്കാൻ നിവൃത്തിയില്ല. ആ സമയത്താണ് ഈ ലോഡ്ഷെഡിംഗ് വരുന്നത്. ദുരിതമല്ലേ. ഏതെങ്കിലും ഒരു കാര്യത്തിൽ ഈ ഗവൺമെന്റ് ജനങ്ങൾക്ക് ആശ്വാസം നൽകുന്നുണ്ടോ; വിലക്കയറ്റം തടയുന്നുണ്ടോ; കുടിവെള്ളം കിട്ടുന്നുണ്ടോ; കറണ്ട് കിട്ടുന്നു ണ്ടോ? ദുസ്സഹമല്ലേ. ഇങ്ങനെ ഒരു കാലത്ത് നിങ്ങളുടെ വകുപ്പെങ്കിലും ആളുകൾക്ക് നന്മ ചെയ്യേണ്ടതല്ലേ. നിങ്ങൾക്കത് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് കഴിയുന്നതും വേഗം................ സഭ നിർത്തി വച്ച് ചർച്ച ചെയ്യാൻ നിങ്ങളൊന്നും തയ്യാറല്ല. ഒരു കാര്യത്തിലും ലോകം അവസാനി ച്ചാലും ശരി, അടിയന്തരപ്രമേയം ഞങ്ങൾ അനുവദിക്കില്ല എന്ന ധാർഷ്ട്യ മാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. ധാർഷ്ട്യമാണ്,..........ഈ വിഷയമെടു ക്കില്ല, മുല്ലപ്പെരിയാർ വിഷയം വന്നാൽ എടുക്കില്ല, വിലക്കയറ്റം വന്നാൽ

എടുക്കില്ല പിന്നെ എന്ത് പ്രശ്നം ചർച്ച ചെയ്യാനാണ് നമ്മൾ ഇവിടെ ഇരിക്കുന്നത്. സഭയുടെ ഭൂരിപക്ഷമുപയോഗിച്ച് ജനകീയാവശ്യങ്ങളിന്മേലുള്ള ചർച്ച നിഷേധിക്കുന്ന ജനാധിപത്യ വിരുദ്ധമായ സമീപനമാണ് നിങ്ങളുടെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി)

<u>അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗും പവർകട്ടും</u>

<u>ശ്രീ. മാത്യു. റ്റി. തോമസ്</u>: ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി സ്വതസിദ്ധമായ സാമർത്ഥ്യത്തോടുകൂടി വളരെ വിശദമായി മറുപടി പറയുകയുണ്ടായി. പണ്ടൊരു അടിയന്തരപ്രമേയ ചർച്ചയിലെ വാക്കൗട്ട് പ്രസംഗത്തിൽ ഞാൻ നടത്തിയ പ്രസംഗത്തിലെ വാചകം ഇവിടെ ആവർത്തിക്കുന്നു. കേരളത്തിലെ വൈദ്യുതി വകുപ്പുമന്ത്രിയുടെ വാക്‌വൈഭവത്തിന് വൈദ്യതി ഉല്പാദിപ്പിക്കാൻ ശേഷിയുണ്ടായിരുന്നെങ്കിൽ കേരളം ഇന്ന് ഇരുട്ടിലാകില്ലായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ജനങ്ങൾ ഇത്രയധികം പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നോയെന്ന് ഞാൻ അപ്പുറത്തിരിക്കുന്ന എം.എൽ.എ മാരോട് ചോദിക്കുകയാണ്, പ്രത്യേകിച്ച് ഈ ദിവസങ്ങളിൽ ഞാനടക്കമുള്ള എം.എൽ.എ മാർക്ക് കിട്ടുന്ന ഫോൺ കോളുകളിൽ ബഹുഭൂരിപക്ഷവും വൈദ്യുതി പ്രശ്നവുമായി ബന്ധപ്പെട്ടതാണ്. ഇവിടെ പല അനുകൂല സാഹചര്യങ്ങളുമുണ്ടായിരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട മഴയും അതിനനുസരിച്ച് നീരൊഴുക്കും ഉണ്ടായി. ഉയർന്ന കേന്ദ്രവിഹിതം ലഭിച്ചിട്ടും ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയത് ബോർഡിന്റേയും സർക്കാരിന്റേയും കെടുകാര്യസ്ഥതയെയാണ് ചൂണ്ടിക്കാണിക്കുന്നത്.

ആസൂത്രണത്തിലെ വൈകല്യം ഒരു പ്രധാന പ്രശ്നമാണ്. കേന്ദ്രപൂളിൽ നിന്നും കിട്ടിയ വൈദ്യുതി ലഭ്യമാക്കുവാൻ പ്രസരണ കോറിഡോർ ഉറപ്പുവരുത്തുന്നതിന് നമ്മൾ വീഴ്ചവരുത്തിയില്ലേ? എല്ലാ കാര്യത്തിലും അയൽ സംസ്ഥാനം മിടുക്ക് കാട്ടുമ്പോൾ നമുക്ക് ശേഷം രജിസ്റ്റർ ചെയ്ത തമിഴ്നാട് ഈ കോറിഡോർ ഉറപ്പാക്കിയപ്പോൾ നമുക്ക് അവിടേയും പരാജയം സംഭവിച്ചു. വൈദ്യുതി പദ്ധതികളും ലൈനുകളുടെ നിർമ്മാണപ്രവർത്തനങ്ങളുമെല്ലാം ഇന്ന് പ്രതിസന്ധിയിലാണ്. തിരുനെൽവേലി-കൊച്ചി ലൈനിന്റെയും മൈസൂർ-അഴീക്കോട് 400 കെ.വി ലൈനിന്റെയും പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാണ്. ഇവ പരിഹരിച്ച് കേരളത്തിന്റെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിൽ വൈദ്യുതി ലഭ്യമാക്കാൻ ബോർഡിനോ ഗവൺമെന്റിനോ കഴിയുന്നില്ലെന്നതാണ് ഇവിടത്തെ പ്രശ്നം. മൂന്ന് വർഷത്തെ ഭരണം കൊണ്ട് കേരളത്തെ ഇരുട്ടിലാക്കിയ കെടുകാര്യസ്ഥതയാണ് ഇവിടെ ചർച്ച ചെയ്യേണ്ടിയിരുന്നത്. ആ ചർച്ചയ്ക്ക് വൈമുഖ്യം കാട്ടിയതിൽ പ്രതിക്ഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട നിയമസഭാകക്ഷിയംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ. റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിലവിലുള്ള പ്രശ്നങ്ങൾ പ്രതിപക്ഷം ഉന്നയിച്ചാൽ അതിന് ചർച്ച ആവശ്യമില്ലെന്ന നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നത് ദൗർഭാഗ്യകരമാണ്. നമ്മുടെ നിയമസഭയിൽ ഈ പ്രശ്നം കൊണ്ടുവന്നപ്പോൾ ഒരു തരം നിസ്സഹായാവസ്ഥയാണ് വൈദ്യുതി

വകുപ്പുമന്ത്രി പ്രകടിപ്പിച്ചത്, എപ്പോഴും കേരളം ഇരുട്ടിലാണ്. കേരളത്തെ പ്രകാശത്തിലേയ്ക്ക് നയിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവെന്ന് സഭയേയും ജനങ്ങളേയും ബോദ്ധ്യപ്പെടുത്താൻ ഗവൺമെന്റിന് കഴിയുന്നുണ്ടോ? അങ്ങനെ ഒരു അവസ്ഥയിലേയ്ക്ക് ഈ സംസ്ഥാനം എത്തിയാൽ ഈ സഭയല്ലേ ചർച്ചയിലൂടെ പരിഹാരം കാണേണ്ടത്. എന്തുകൊണ്ട് നമുക്ക് പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുന്നില്ല, എവിടെയാണ് തടസ്സം, ആ തടസ്സം എങ്ങനെ നീക്കാൻ കഴിയും, അതിന് പ്രതിപക്ഷം എന്ത് ചെയ്യണം, ഭരണപക്ഷം എന്താണ് ചെയ്യേണ്ടത് എന്നിവയൊക്കെ ചർച്ച ചെയ്ത് പരിഹാരം കാണാതെ, പോസിറ്റീവായ നിലപാടിനുപകരം നിഷേധാത്മകമായ നിലപാടാണ് ദൗർഭാഗ്യവശാൽ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനു ശേഷം വീണ്ടും ഹാജരായി.)